## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 525

01.12.2015-ലെ മറുപടിയ്ക്ക്

## കമ്പോള ഇടപെടൽ രംഗത്തെ കൺസ്യൂമർഫെഡിന്റെ പരാജയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ശിവൻകുട്ടി<br>,, എ. പ്രദീപ്കുമാർ<br>,, സി.കെ സദാശിവൻ<br>,, ജെയിംസ് മാത്യു | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കമ്പോള ഇടപെടൽ രംഗത്ത് കൺസ്യൂമർഫെഡ് ഇത്രയധികം പരാജയപ്പെടാനിടയായ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) പരിശോധിച്ചിട്ടുണ്ട്. കൺസ്യൂമർഫെഡറേഷൻ ഉത്സവകാലങ്ങളിൽ വിപണികൾ വഴി സബ്സിഡിയിനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക തുക 122.21 കോടി രൂപ ധനകാര്യ സ്ഥാപനങ്ങളായ ജില്ലാ സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള വായ്പ, നിക്ഷേപങ്ങൾ എന്നിവ തിരിച്ചടയ്ക്കാത്തതു കാരണം ധനസഹായം തുടർന്ന് ലഭ്യമാകാത്ത അവസ്ഥ എന്നീ സാഹചര്യങ്ങൾ കൺസ്യൂമർഫെഡറേഷന്റെ പ്രവർത്തനത്തിൽ നേരിയ തോതിൽ മന്ദീഭവിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. ആയത് പരിഹരിച്ച് മുന്നോട്ട് പോകുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. |
| (ബി) കൺസ്യൂമർ ഫെഡിൽ നടക്കുന്ന അഴിമതികൾ മൂലം ആ സ്ഥാപനത്തിന്റെ വിശ്വാസ്യത തന്നെ തകർന്നുപോയിരിക്കുന്നതായി അറിയാമോ; | (ബി) കൺസ്യൂമർഫെഡറേഷന്റെ വിശ്വാസ്യത തകർന്നു പോയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | കൺസ്യൂമർഫെഡിന്റെ ഭരണസമിതിക്കെതിരെ, മാനേജിംഗ് ഡയറക്ടർ തന്നെ അഴിമതികളും ക്രമക്കേടുകളും ചൂണ്ടിക്കാണിക്കുകയു ണ്ടായോ; | (സി) യും (ഡി) യും | ഉണ്ട്. കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനിൽ വിജിലൻസ് അന്വേഷണം നടക്കുന്ന സാഹചര്യത്തിലും, കേരള സഹകരണ നിയമം, ചട്ടങ്ങൾ, നിയമാവലി വ്യവസ്ഥകൾ എന്നിവയ്ക്കനുസൃതമായി കൺസ്യൂമർ ഫെഡറേഷൻ ഭരണസമിതി ചുമതലകളും ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ളതായി സഹകരണ സംഘം രജിസ്ട്രാർക്ക് ബോധ്യപ്പെട്ട സാഹചര്യത്തിലും സഹകരണ നിയമം വകുപ്പ് 32(1)(ഡി) പ്രകാരവും, 2011 ലെ 97-ാം ഭരണ ഘടനാ ഭേദഗതി നിയമം ഭാഗം IXB 243 ZL പ്രകാരവും കൺസ്യൂമർഫെഡ് ഭരണ സമിതിയെ സസ്പെന്റ് ചെയ്യുകയും സഹകരണ സംഘം രജിസ്ട്രാറുടെ 25.9.2015 ലെ CS(1) 25788/2015 നമ്പർ ഉത്തരവ് പ്രകാരം എറണാകുളം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറെ കൺസ്യൂമർ ഫെഡറേഷന്റെ അഡ്മിനിസ്ട്രേറ്റർ ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഫെഡറേഷന്റെ ഘടന, പ്രവർത്തനങ്ങൾ, സാമ്പത്തിക സ്ഥിതി എന്നിവയെപ്പറ്റി സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തുന്നതിനും സഹകരണ സംഘം രജിസ്ട്രാർ അന്വേഷണ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. |
| (ഡി) | സഹകരണ അപ്പക്സ് സ്ഥാപനത്തിന്റെ ഭരണ സമിതിക്കെതിരെ സർക്കാർ നിയോഗിച്ച സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ തന്നെ അഴിമതിയും കെടുകാര്യസ്ഥതകളെയും കുറിച്ച് പരാതി ഉന്നയിക്കുന്ന സാഹചര്യത്തിൽ സഹകരണ രജിസ്ട്രാറും സർക്കാരും നിർവ്വഹിക്കേണ്ടിയിരുന്ന നിയമ നടപടികൾ എന്തെല്ലാമായിരുന്നു; | | |
| (ഇ) | കൺസ്യൂമർഫെഡിന്റെ കാര്യത്തിൽ നിയമാനുസരണം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഭരണ സമിതിയെ സൂപ്പർസീഡ് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ കാരണം എന്തായിരുന്നു; ആയതിന് നോട്ടീസ് നൽകുകയുണ്ടായോ? | (ഇ) | കൺസ്യൂമർഫെഡിന്റെ പ്രവർത്തനം സംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തുന്നതിന് ഉത്തരവാകുകയും, അന്വേഷണം നടന്നുവരികയുമാണ്. നിലവിലുള്ള ഭരണസമിതി |

അധികാരത്തിൽ തുടരുമ്പോൾ ഫെഡറേഷനിൽ കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തുന്നത് കാര്യക്ഷമമാകില്ലെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമം വകുപ്പ് 32 (1) (ഡി) പ്രകാരവും 2011-ലെ 97-ാം ഭരണഘടനാ ഭേദഗതി നിയമം ഭാഗം IX B 243 ZL പ്രകാരവും ഭരണസമിതിയെ സസ്പെന്റ് ചെയ്ത് ഉത്തരവായിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ